പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 812 | 11.06.2014 -ലെ മറുപടിയ്ക്ക് |
|---|---|

**മാവേലിക്കര മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.രാജേഷ് | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ 2011-2012, 2012-2013, 2013-2014 കാലയളവിൽ ജലവിഭവ വകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കമോ ; | (എ) ചീഫ് എഞ്ചിനീയർ, (ജലസേചനവും, ഭരണവും) മാവേലിക്കര മണ്ഡലത്തിൽ 2011-2012, 2012-2013, 2013-2014 കാലയളവിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. കേരള വാട്ടർ അതോറിറ്റി 2011-2012, 2012-2013, 2013-2014 കാലയളവിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം II-ലും ഭൂജല വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം III - ലും ചേർത്തിരിക്കുന്നു. |
| (ബി) മാവേലിക്കര മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (ബി) മാവേലിക്കര മണ്ഡലത്തിൽ വെള്ളിക്കുന്നത്ത് ആര്യാട് വിള കോളനിയിൽ ഒരു കുഴൽകിണറിന്റെ നിർമ്മാണം നടന്നുവരുന്നു. തെക്കേക്കര പഞ്ചായത്തിൽ പള്ളിയാംവട്ടത്തും പുത്തൻ കുളങ്ങരയിലും ഓരോ കുഴൽകിണർ നിർമ്മിച്ചിട്ടുണ്ട്. താഴക്കര പഞ്ചായത്തിലെ ഓപ്പൺവെല്ലിലെ ചെളിയും മണ്ണും നീക്കം ചെയ്ത് വൃത്തിയാക്കിയിട്ടുണ്ട്. ചിറയ്ക്കൽ ട്യൂബുവെൽ ഡെവലപ് ചെയ്ത് പുന്നക്കുറ്റി പമ്പിംഗ് മെയിനുമായി ഇന്റർ കണക്ട് ചെയ്തു. നൂറനാട് പഞ്ചായത്തിലെ ഓപ്പൺ വെല്ലിൽ 7.5HP പമ്പ് സെറ്റ് സ്ഥാപിച്ചു. മാവേലിക്കര മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ 14KM നീളത്തിൽ പൈപ്പുലൈനും 83 പൊതു ടാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. ലീക്കുകൾ |

| | |
|---|---|
| | യഥാസമയം പരിഹരിച്ചും പമ്പ് സെറ്റിന്റെ അറ്റകുറ്റപ്പണികൾ നടത്തിയും കുടിവെള്ള നഷ്ടം തടയുകയും ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പ് ചെറുകിട പദ്ധതികളും നടപ്പാക്കി വരുന്നു. |
| (സി) മാവേലിക്കരയിൽ വാട്ടർ അതോറിറ്റിക്ക് ആവശ്യമായ മോട്ടോറുകൾ, വാൽവുകൾ മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് അടിയന്തിരമായി തുക അനുവദിക്കുമോ ; | (സി) മാവേലിക്കരയിൽ വാട്ടർ അതോറിറ്റിക്ക് മോട്ടോറുകൾ, വാൽവുകൾ എന്നിവ വാങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ 2014-2015 ലേക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) കാലഹരണപ്പെട്ട മോട്ടോറുകളും വാൽവുകളും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?. | (ഡി) കാലഹരണപ്പെട്ട മോട്ടോറുകളും വാൽവുകളും മാറ്റുന്നതിനു വേണ്ട പ്രൊപ്പോസലുകൾ 2014-2015 ലേക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**